പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 03.02.2014- ലെ മറുപടിക്ക്

നം. T. 4124

ഫുഡ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ബി. സത്യൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഫുഡ് ഇൻസ്പെക്ടർമാരുടെ ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്.വ്യക്തമാക്കാമോ; | എ) | ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ (ഫുഡ് ഇൻസ്പെക്ടർമാരുടെ) 155 തസ്തികകളാണ് നിലവിലുള്ളത്. അതിൽ 74 ഒഴിവുകളുണ്ട്. |
| ബി) | ഫുഡ് ഇൻസ്പെക്ടർമാരുടെ തസ്തികയുടെ എണ്ണം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ. എങ്കിൽ ഇതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്. വിശദമാക്കാമോ | ബി) | 2/2/2013ലെ സർക്കാർ ഉത്തരവ് നമ്പർ ഉ(എം.എസ്) 24/2013/ ആ.കു.വ പ്രകാരം പുതുതായി ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ 57 അധിക തസ്തികകൾ സൃഷ്ടിക്കുകയും കൂടാതെ മുനിസിപ്പൽ കോമൺ സർവ്വീസിൽ ഉൾപ്പെടുന്ന 32 ഫുഡ് ഇൻസ്പെക്ടർമാരെ അവരുടെ സേവനവ്യവസ്ഥകൾ സഹിതം ഫുഡ് സേഫ്റ്റി വകുപ്പിലേക്ക് നിക്ഷിപ്തമാക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അപര്യാപ്തത കേന്ദ്രഭക്ഷ്യ സുരക്ഷാനിയമം നടപ്പാക്കുന്ന നടപടിയെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യം നേരിടാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്? | സി) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ യോഗ്യത നിജപ്പെടുത്തി 03.12.2013-ൽ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ചില അപാകതകൾ ഉണ്ടെന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത ഉത്തരവ് പുതുക്കി പുറപ്പെടുവിച്ചശേഷം ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ മുഴുവൻ ഒഴിവുകളും പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**